14030
02/11/17

Office of the Chief Engineer LSGD, Thiruvananthapuram
DCE AO AA S

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജി.എസ്.ടി. - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 01.11.1.2017.

വായന :- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ 19/10/2017 ലെ 3.8 നമ്പർ തീരുമാനം.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.10.2017 ലെ DB3/9058/17/CE/LSGD നമ്പർ കത്ത്.

## ഉത്തരവ്

01.07.2017 മുതൽ കേന്ദ്ര സർക്കാർ ജി.എസ്.ടി ചട്ടങ്ങൾ നടപ്പിലാക്കിയതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം ജി.എസ്.ടി ചട്ടങ്ങൾക്ക് അനുസൃതമായി നടപ്പിൽ വരുത്തുന്നതിന് മുകളിൽ വായിച്ച ഒന്നും രണ്ടും പ്രകാരമുള്ള തീരുമാനത്തിന്റെയും കത്തിന്റെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2) 30.06.2017-ന് മുൻപ് പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.ടി ബാധകമല്ല. ആയതിന് മൂല്യവർധിത നികുതി (VAT)മാത്രമാണ് ബാധകം. എന്നാൽ 01.07.2017 - ന് ശേഷം നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ജി.എസ്.ടി ബാധകമായിരിക്കുന്നതാണ്.

1. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടം 25-ാം വകുപ്പ് പ്രകാരം TAN, PAN ആധാരമാക്കിയുള്ള ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമായും എടുക്കേണ്ടതാണ്. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒന്ന് എന്ന രീതിയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സെക്രട്ടറിയുടെ പേരിൽ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.
2. ജി.എസ്.ടി രജിസ്ട്രേഷൻ, www.gst.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ ആയാണ് രജിസ്റ്റർ ചെയ്യേണ്ടത്. എല്ലാ സെക്രട്ടറിമാരും ഉടനടി ജി.എസ്.ടി രജിസ്ട്രേഷൻ നടപടികൾ

പൂർത്തീകരിച്ച് വിവരം മേലധികാരികളെ അറിയിക്കേണ്ടതാണ്.

3. ജി.എസ്.ടി ചട്ടങ്ങൾ പ്രകാരമുള്ള കിഴിവുകളും, Return filing-ഉം സമയബന്ധിതമായി നടത്തേണ്ടതിനാൽ അതത് സ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു ഉദ്യോഗസ്ഥനെയോ / ചാർട്ടഡ് അക്കൗണ്ടന്റിന് സമാനമായ വിദഗ്ദ്ധരുടേയോ സേവനം സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന വിൽപ്പനകൾ, വാങ്ങലുകൾ, Net Payments എന്നിവ നിശ്ചിത ഫോറങ്ങളിൽ നിശ്ചിത തീയതികൾക്ക് മുൻപായി ജി.എസ്.ടി പോർട്ടലിൽ ഓൺലൈനായി നിർബന്ധമായും ഫയൽ ചെയ്യേണ്ടതാണ്.

4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 01.07.2017-ന് ശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ നൽകുമ്പോൾ 2% ജി.എസ്.ടി (GST-TDS) കിഴിവ് വരുത്തേണ്ടതാണ്. ടി തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ 5 ദിവസത്തിനകം ഇ-പേയ്മെന്റിലൂടെ സെൻട്രൽ ടാക്സസ് ഡിപ്പാർട്ട്മെന്റിൽ അടവ് വരുത്തേണ്ടതാണ്. ആയതിനായി ദേശസാൽകൃത ബാങ്കുകളിൽ ഒരു പുതിയ അക്കൗണ്ട് തുറക്കുകയോ നിലവിലുള്ള അക്കൗണ്ടുകൾ ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്. കിഴിവ് വരുത്തുന്നതിലോ, Return file ചെയ്യുന്നതിലോ കാലതാമസം ഉണ്ടാകുന്ന പക്ഷം ആയതിനുള്ള പിഴ ഇതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്. (ടി 2% ജി.എസ്.ടി ബില്ലുകളിൽ നിന്നും കിഴിവ് ചെയ്ത് നടപ്പാക്കണമെന്നുള്ള നിർദ്ദേശം 2018 മാർച്ച് 31 വരെ നടപ്പിലാക്കേണ്ടതില്ല എന്ന് ജി.എസ്.ടി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ സാധനങ്ങൾ വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ജി.എസ്.ടി ബാധകമാക്കേണ്ടതാണ്.

5. മാന്വൽ / ഇ-ടെണ്ടർ ഫോറത്തിന് നോട്ടിഫിക്കേഷൻ പ്രകാരം 12% ജി.എസ്.ടി ബാധകമാണ്. ജി.എസ്.ടി ഉൾപ്പെടുത്തിയ തുകയാണ് ടെണ്ടർ ഫോമിനൊപ്പം ഈടാക്കേണ്ടത്.

6. പഴയ വാഹനങ്ങൾ, ഫർണിച്ചർ എന്നിവ ലേലം ചെയ്തുവിൽക്കുന്നതിന് ജി.എസ്.ടി ബാധകമാണ്. ജി.എസ്.ടി കൂടി ചേർത്തുള്ള തുക ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. സാധനസാമഗ്രികളുടെ ജി.എസ്.ടി സംബന്ധിച്ച നിരക്കുകൾ സെൻട്രൽ ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

7. മരാമത്ത് പ്രവൃത്തികൾക്കുള്ള ഇ.എം.ഡി / സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കരാറുകാർ സമർപ്പിക്കുമ്പോൾ ജി.എസ്.ടി ബാധകമല്ല. എന്നാൽ പ്രവൃത്തികളിൽ വീഴ്ച വരുത്തുന്ന കരാറുകാരിൽ നിന്നും പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2116 പ്രകാരം ഇ.എം.ഡി / സെക്യൂരിറ്റി ഡെപ്പോസിറ്റ് forefeit ചെയ്യുന്ന സാഹചര്യത്തിൽ

ജി.എസ്.ടി ബാധകമാകുന്നതാണ്. മരാമത്ത് പ്രവൃത്തികളുടെ retention തുക മടക്കി നൽകുന്ന സാഹചര്യത്തിലും ജി.എസ്.ടി ബാധകമാകുന്നതാണ്.

8. തദ്ദേശ സ്വയംഭരണ സ്ഥാപനം ഷോപ്പിംഗ് കോംപ്ലക്സുകൾ, ആഡിറ്റോറിയങ്ങൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന സാഹചര്യത്തിൽ ജി.എസ്.ടി ബാധകമാണ്.

9. റോഡ് കട്ടിംഗിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം അനുമതി നൽകുമ്പോൾ പുനർനിർമ്മാണത്തിന് ഈടാക്കുന്ന Restoration charge-ന് ജി.എസ്.ടി ബാധകമാണ്.

10 തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന വാങ്ങലുകൾക്ക് ജി.എസ്.ടി ബാധകമായിരിക്കുന്ന താണ്.

11 മരാമത്ത് പ്രവൃത്തികൾ വാങ്ങലായി ജി.എസ്.ടി-യിൽ കണക്കാക്കുന്നതിനാൽ അവയ്ക്ക് സെൻട്രൽ ടാക്സ് ഡിപ്പാർട്ട്മെന്റിന്റെ 22.08.2017-ലെ 20/17 നമ്പർ നോട്ടിഫിക്കേഷനും, കേരള ടാക്സ് വകുപ്പിന്റെ 18.07.2017-ലെ Advisory 3 പ്രകാരവുമുള്ള ജി. എസ്.ടി നിരക്കുകളും നിബന്ധനകളും ബാധകമാകുന്നതാണ്.

12.മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും, അക്രഡിറ്റഡ് ഏജൻസിക ളും,ലേബർ കോൺട്രാക്ട് സൊസൈറ്റികളും നിർബന്ധമായും ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതും, ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്.

13. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളുടെ ഡിസൈൻ, ഇൻവെസ്റ്റിഗേഷൻ, ഡി.പി.ആർ പ്രിപ്പറേഷൻ തുടങ്ങിയ പ്രവൃത്തികൾ കൺസൾട്ടന്റിനെ ഏൽപ്പിക്കുന്ന അവസരത്തിൽ ജി.എസ്.ടി ഉൾപ്പെടുത്തിയ തുക ടി കൺസൾട്ടന്റിന് നൽകേ ണ്ടതാണ്. (ഇത് നോട്ടിഫിക്കേഷനോടൊപ്പം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്)

14. പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113, Appendix 2100 G പ്രകാരമുള്ള കംപ്ലീഷൻ സർട്ടി ഫിക്കറ്റ് പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ കൂടെ കരാറുകാരന് നൽകേ ണ്ടതാണ്.

15. വ്യക്തിഗത സഹായങ്ങൾക്കുള്ള Valuation / stage certificate-കൾ, സ്കൂൾ / ഓർഫനേജ് മുതലായവയ്ക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് ജി.എസ്.ടി ബാധകമ ല്ലാത്തതാണ്.

16. കേരള ബിൽഡിംഗ് റൂൾസ് പ്രകാരം കെട്ടിട നിർമ്മാണ / ക്രമവൽക്കരണ അനുമതി കൾക്കുള്ള ഫീസിന് ജി.എസ്.ടി ബാധകമല്ല.

17. ഇന്ത്യൻ ഭരണഘടനയുടെ Article 243G പ്രകാരം ത്രിതല പഞ്ചായത്തുകളും, 243W പ്രകാരം നഗരസഭകളും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി ബാധകമല്ലാത്ത താണ്.

18. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗി ക്കുന്ന പ്രധാനപ്പെട്ട നിർമ്മാണ സാമഗ്രികളുടെ ജി.എസ്.ടി നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| ബിറ്റുമെൻ | - | 18% |
| സ്റ്റീൽ | - | 18% |
| സിമെന്റ് | - | 28% |
| ടൈൽസ് | - | 28% |
| അഗ്രിഗേറ്റ് (ബ്രോക്കൺ സ്റ്റോൺ) | - | 5% |
| മണ്ണ് | - | 5% |
| സോളിഡ് ബ്ലോക്ക് | - | 28% |
| തടി | - | 18% |
| പെയിന്റ് | - | 28% |
| ഗ്ലാസ്സ് (ഫ്ളോട്ട്) | - | 28% |
| അലുമിനിയം ഷീറ്റുകൾ | | |
| പി.വി.സി പൈപ്പ് | - | 18% |

**3)** കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി ചട്ടങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളായ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ, കൾവർട്ടുകൾ തുടങ്ങിയവയുടെ DSR പ്രകാരമുള്ള എസ്റ്റിമേറ്റ് നിരക്കുകൾ വിശകലനം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ Net ജി.എസ്.ടി compensation താഴെ പറയും പ്രകാരം കണക്കാക്കിയിട്ടുണ്ട്.

Additional Tax Burden on Works awarded at pre GST Tax Rates

Abstract

| Sl. No. | Type of Work | Extra Tax Burden under GST |
|---|---|---|
| 1 | Bituminous Topping Road Work (Bitumen Departmental Supply) | 5 |
| | Masonary Building (New and Maintanance) 18% GST | |
| | D/R - RR Retaining Wall | |
| 2 | Framed Building (New and Maintanance) 18% GST | 3.5 |
| 3 | Bituminous Topping Road Work (Bitumen Contractor Supply) | 3 |
| 4 | Bituminous Macadam and Bituminous Concrete (BM & BC) | 2 |
| 5 | Labour Oriented Work (if more than 75% earth work(Labour oriented)) ( 5% GST Rate) | 1 |
| 6 | Cement Concrete (CC) Works such as CC Road, CC Drain, CC Check Dam, CC Retaining wall, Wells, Interlocking Concrete Paving Block, New Building and Maintenance Masonry 12% GST, New Building and Maintenance Framed 12% GST, Bridge, Footpath, RCC Drain Slab | 0 |

In case of Item No.3 - Bituminous Road Work (Bitumen Contractor Supply) the rate is arrived as 3% by considering the cost of the bitumen without considering cost index. (Ref: Circular No. CE/R&B/PRICE/6725/2015 dated 10.04.17)

4)മേൽ പട്ടിക പ്രകാരമുള്ള ജി.എസ്.ടി compensation അതാത് പ്രവൃത്തികൾക്ക് നൽകാവുന്നതാണ്. ടി പട്ടിക പ്രകാരമുള്ള ഇനങ്ങൾ കൂട്ടിച്ചേർത്ത് വരുകയാണെങ്കിൽ ടി ഇനങ്ങളിൽ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ ജി.എസ്.ടി compensation നൽകേണ്ടതാണ്. പ്രവൃത്തികൾക്ക് ബില്ല് തയ്യാറാക്കുമ്പോൾ Tender excess, Tender deduction എന്നിവ വരുത്തിയതിനുശേഷം Net amount-ന്റെ കൂടെ ജി.എസ്.ടി compensation ശതമാന കണക്കിൽ അധികമായി കൂട്ടി നൽകേണ്ടതാണ്. ഈ സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിനോടൊപ്പം ജി.എസ്.ടി compensation-ന്റെ അധിക നിരക്ക് ശതമാനക്കണക്കിൽ അധികമായി കൂട്ടി

ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി ആവശ്യമായി വരുന്ന തുക Tender savings, Own fund, ഈ വർഷം നടപ്പിലാക്കാൻ കഴിയില്ലെന്ന് കണ്ടെത്തിയ പ്ലാൻ പ്രോജക്ടുകൾ (WCP ഉൾപ്പെടുത്തിയും എന്നാൽ TSP, SCP എന്നിവ ഒഴിവാക്കിയും) എന്നിവയിലൂടെ അധികമായി കണ്ടെത്താവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി. കെ. ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർമാൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം(ത.സ്വ.ഭ.വകുപ്പിന്റെ വെബ്സൈറ്റിൽ അടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിനായി)
ഡയറക്ടർ, കില, തൃശ്ശൂർ
പ്രോജക്ട് ഡയറക്ടർ, തദ്ദേശമിത്രം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ/ശുചിത്വമിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ളീൻ കേരള കമ്പനി ലിമിറ്റഡ്
ധനകാര്യ വകുപ്പ് ( I & PW-B2/292/2017-Fin തീയതി .31.10.17 അ.ക. പ്രകാരം)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:- ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി (ഡി.എ./ഡി.ബി.)

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ